## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4674

26.06.2019 - ൽ
മറുപടിയ്ക്ക്

### സങ്കരയിനം തെങ്ങിൻ തൈകളുടെ ഗുണനിലവാരം

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കൃഷി വകുപ്പിന് കീഴിൽ സങ്കരയിനം തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിക്കുന്നത് ഏതൊക്കെ ഫാമുകളിലാണെന്നു വിശദമാക്കാമോ; ഏതൊക്കെതൈകളാണ് ഉൽപ്പാദിപ്പിക്കുന്നതെന്ന് വിശദമാക്കാമോ; | എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ കീഴിൽ 8 കോക്കനട്ട് നഴ്സറികളിലും, സീഡ് ഗാർഡൻ കോംപ്ലക്സ് മുണ്ടേരി, ജില്ലാ കൃഷിത്തോട്ടങ്ങൾ, സ്പെഷ്യൽ ഫാമുകൾ, സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും സങ്കരയിനം തെങ്ങിൻതൈകൾ ഉല്പാദിപ്പിക്കുന്നു. കൃഷി വകുപ്പ് ഫാമുകളിൽ നെടിയ ഇനം (വെസ്റ്റ് കോസ്റ്റ് ടോൾ), കുറിയ ഇനം, സങ്കര ഇനം (ടിx ഡി, ഡിx ടി) എന്നീ ഇനം തെങ്ങിൻ തൈകളാണ് ഉല്പാദിപ്പിക്കുന്നത്. |
| ബി) സർക്കാർ ഫാമുകളെ കൂടാതെ കൃഷിക്കാരുടെ തോട്ടങ്ങളിലും ഇതിനാവശ്യമായ തേങ്ങകളുടെ ഉത്പാദനം നടത്താറുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | ബി) ഉണ്ട്. വിത്തുസംഭരണ കേന്ദ്രത്തിലെ സാങ്കേതിക ഉദ്യോഗസ്ഥരുടെ സഹായത്താൽ വിത്തുതേങ്ങകൾ മുഖ്യമായും കർഷകരുടെ കൃഷി സ്ഥലങ്ങളിൽ നിന്നും ഉല്പാദിപ്പിച്ച് സംഭരണ കേന്ദ്രങ്ങളിൽ സംഭരിക്കുന്നു. വിത്തുതേങ്ങ ശേഖരിക്കുന്നതിന് കർഷകരുടെ തെങ്ങിൻതോട്ടങ്ങളിൽ നിന്ന് നല്ലയിനം മാതൃവൃക്ഷങ്ങൾ തെരഞ്ഞെടുത്ത് കർഷകരുടെ സമ്മതത്തോടുകൂടി മാർക്ക് ചെയ്യുന്നു. മാർക്ക് ചെയ്ത മാതൃവൃക്ഷങ്ങളുടെ വിശദവിവരം വിത്തുതേങ്ങ സംഭരണ കേന്ദ്രത്തിൽ സൂക്ഷിക്കുന്നു. ഇപ്രകാരം മാർക്ക് ചെയ്ത മാതൃവൃക്ഷങ്ങളിൽ നിന്നാണ് വിത്തു തേങ്ങകൾ സംഭരിക്കുന്നത്. കർഷകരുടെ തോട്ടങ്ങളിൽ പോളിനേഷൻ നടത്തുന്നതിലേയ്ക്ക് പ്രത്യേക പരിചയസമ്പന്നരായ പോളിനേഷൻ തൊഴിലാളികളെ ഉപയോഗിച്ചാണ് സങ്കരയിനം വിത്ത് തേങ്ങ ഉല്പാദിപ്പിക്കുന്നത്. |

സി) ഇത്തരം തൈകളുടെ ഗുണമേന്മയെ കുറിച്ച് കാലാകാലങ്ങളായി ഉയർന്നുവരാറുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ദീർഘകാലം നില നിൽക്കുന്ന വിള ആയതുമൂലം നഴ്സറികളിൽ നിന്നും ലാഭനഷ്ടം നോക്കാതെ ഏറ്റവും ഗുണമേന്മയുള്ള തൈകൾ മാത്രം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സി) ഗുണമേന്മയുള്ള തെങ്ങിൻ തൈകളാണ് സർക്കാർ ഫാമുകളിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നത്. ഇതിനായി സംഭരണകേന്ദ്രത്തിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ നേതൃത്വത്തിലുള്ള ടീമാണ്, തെരഞ്ഞെടുത്ത നല്ലയിനം മാതൃവൃക്ഷങ്ങളിൽ നിന്നും വിത്തുതേങ്ങ ശേഖരിച്ച് കോക്കനട്ട് നഴ്സറികളിലും, മറ്റ് സർക്കാർ ഫാമുകളിലും നൽകുന്നത്. അവ പാകി തെങ്ങിൻതൈകൾ ഉല്പാദിപ്പിക്കുന്നു. പാകിയ വിത്ത് തേങ്ങകളിൽ നിന്നും ലഭിക്കുന്ന മുഴുവൻ തെങ്ങിൻ തൈകളും ശേഖരിക്കാറില്ല. നല്ല ആരോഗ്യമുള്ള തൈകൾ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് മാത്രമെ നടീലിനുള്ള തൈകൾ തെരഞ്ഞെടുക്കാറുള്ളൂ. സർക്കാർ ഫാമുകളിൽ നിന്നും ഉല്പാദിപ്പിക്കുന്ന തൈകൾ ലാഭനഷ്ടം നോക്കാതെ മിതമായ നിരക്കിലാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

<u>വിത്ത് തേങ്ങ സംഭരിക്കൽ</u>

തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽ നിന്നാണ് വിത്ത് തേങ്ങ സംഭരിക്കുന്നത്. താഴെ പറയുന്ന ഗുണങ്ങളുള്ള മാതൃവൃക്ഷങ്ങളിൽ നിന്നാണ് വിത്തുതേങ്ങ ശേഖരിക്കുന്നത്

1. പ്രതിവർഷ നാളികേര ഉല്പാദനം 80 എണ്ണമെങ്കിലും ഉണ്ടാകണം
2. നന്നായി കായ്ച്ചു തുടങ്ങി 6 വർഷമെങ്കിലും കഴിഞ്ഞവയിൽ നിന്നോ 20 വർഷം പ്രായമുള്ള തെങ്ങുകളിൽ നിന്നോ
3. നല്ല വീതിയുള്ള 30 എണ്ണമെങ്കിലുമുള്ള വിരിഞ്ഞ ഓലക്കാലുകൾ ഉള്ളവ.
4. കുറഞ്ഞത് 12 കുലകളെങ്കിലും ഉള്ളവ
5. പൊതിച്ച തേങ്ങയ്ക്ക് 600 ഗ്രാമെങ്കിലും തൂക്കമുള്ളവ
6. ഒരു തേങ്ങയിൽ നിന്നും ശരാശരി 150 ഗ്രാം എങ്കിലും കൊപ്ര ലഭിക്കുന്നവ.

മുകളിൽ പറഞ്ഞ ഗുണങ്ങളുള്ള മാതൃവൃക്ഷങ്ങളിൽ നിന്നും മൂപ്പെത്തിയ (11 മാസമെങ്കിലും) വിത്ത് തേങ്ങകൾ ഡിസംബർ - മേയ് മാസങ്ങളിൽ തോട്ടങ്ങളിൽ നിന്നും കയർകൊണ്ട് കെട്ടി ഇറക്കുന്നു. ഇങ്ങനെ ശേഖരിക്കുന്ന വിത്ത് തേങ്ങ സീൽ ചെയ്ത് വയ്ക്കുന്നു. അവ പാകുന്നതിന് 60 ദിവസം മുമ്പ് തണലത്ത് സൂക്ഷിക്കുന്നു.

<u>തെങ്ങിൻതൈ മുളപ്പിക്കലും, കള്ളിംഗും</u>

ശേഖരിച്ച വിത്ത് തേങ്ങകൾ നീർവാർച്ചയുള്ള മണ്ണിൽ 1.50 മീറ്റർ വീതിയിലും സൗകര്യമുള്ള നീളത്തിലുമുള്ള തവാരണകളിൽ പാകുന്നു. തവാരണകൾ തമ്മിൽ 75 സെന്റീമീറ്റർ അകലം പാലിക്കുന്നു. പാകുന്നതിന് മുമ്പ് വെള്ളമില്ലാത്തതും കേടായതുമായ വിത്ത് തേങ്ങകൾ ഒഴിവാക്കുന്നു. സാധാരണ മേയ് - ജൂൺ മാസങ്ങളിലാണ് അവ പാകുന്നത്. വിത്തുതേങ്ങകൾ 30 സെന്റീമീറ്റർ അകലത്തിലാണ് പാകുന്നത്. വരികൾ തമ്മിലും 30 സെന്റീമീറ്റർ അകലം പാലിക്കുന്നു. ഓരോ തവാരണകളിൽ നാലോ അഞ്ചോ വരികൾ ഉണ്ടായിരിക്കും. വേനൽകാലത്ത് ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ജലസേചനം നൽകുന്നു. തൈകൾ വിവിധ ഘട്ടങ്ങളിൽ പരിശോധിച്ച് വളർച്ച കുറവുള്ളത് കള്ളിംഗ് നടത്തി നഴ്സറിയിൽ നിന്നും ഒഴിവാക്കുന്നു. പാകിയ വിത്ത് തേങ്ങകളിൽ 6 മാസത്തിനകം മുളക്കാത്തവ ഒഴിവാക്കുന്നു. നല്ല ആരോഗ്യമുള്ള 9-12 മാസം പ്രായമായ തൈകളാണ് തെരഞ്ഞെടുക്കുന്നത്. താഴെപറയും പ്രകാരമാണ് തൈകൾ തെരഞ്ഞെടുക്കുന്നത്.

1. നേരത്തെ മുളച്ചതും ആരോഗ്യമുള്ള തൈകളും
2. 10-12 മാസം പ്രായമുള്ള തൈകൾക്ക് 6-8 ഓലകളെങ്കിലും ഉണ്ടായിരിക്കണം
3. 10-12 സെന്റീമീറ്റർ കണ്ണാടികനമുള്ള ( കോളാർ ഗർത്ത്) തൈകൾ
4. നേരത്തെ ഓലവിരിയുന്നവ ( Early leaf splitting)

സെക്ഷൻ ഓഫീസർ